LIBRARY ARCHIVES Kerala Legislative Assembly

മലബാർ കാൻസർ ആശുപത്രി

11 [2761] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തലശ്ശേരിയിലെ മലബാർ കാൻസർ സെന്റർ സൊസൈറ്റിക്ക് ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് എസ്. എൻ. സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നുവോ;

(ബി) ആദ്യത്തെ ധാരണാപത്രത്തിന്റെയും. ഏറ്റവും ഒടുവിൽ പുതുക്കിയ ധാരണാപത്രത്തിന്റെയും ഓരോ പകർപ്പ് ലഭ്യമാക്കുമോ; ധാരണാപത്രം ഏതെല്ലാം തീയതികളിൽ എത്ര തവണ പുതുക്കുകയുണ്ടായി;

(സി) ഏറ്റവും ഒടുവിലത്തെ ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നു; അത് വീണ്ടും പുതുക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയായിരുന്നു;

(ഡി) അതിന്റെ കാലാവധി കഴിയുമ്പോൾ വീണ്ടും പുതുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ;

(ഇ) ധാരണാപത്രം അനുസരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിലേക്ക് ഡ്രാഫ്റ്റ് എഗ്രിമെന്റ് എസ്. എൻ. സി. ലാവ്‌ലിൻ സർക്കാരിന് നൽകിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ ധാരണാപത്രത്തിന്റെ കാലാവധി തീരുന്നതിനുമുൻപ് എഗ്രിമെന്റിൽ ഒപ്പുവയ്ക്കാതിരുന്നത് എന്തുകൊണ്ടാണ്;

(എഫ്) എഗ്രിമെന്റ് വയ്ക്കാത്തതിന്റെയും എം. ഒ. യു. പുതുക്കാത്തതിന്റെയും ഫലമായി ഓർഡർ അനുവദിച്ചു നൽകാമെന്ന് ധാരണയായ സഹായം നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(ജി) ധനസഹായം ലഭ്യമാക്കുന്നതിന് ഇനി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നു.

(ബി) ഏഴ് തവണ. 25-4-1998-ലാണ് ധാരണാപത്രത്തിൽ ഒപ്പു വച്ചത്. പിന്നീട് 3-10-1998 ലും 6-2-1999 ലും 20-9-1999 ലും 3-12-1999 ലും 16-8-2000 ലും 2-4-2001 ലും 4-9-2001 ലും പുതുക്കിയിട്ടുണ്ട്. ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) — (ജി) 9-12-2001-ൽ ധാരണാപത്രം അനുസരിച്ച് എഗ്രിമെന്റ് ഒപ്പു വയ്ക്കുന്നതിലേക്കായി മലബാർ ക്യാൻസർ സെന്റർ സൊസൈറ്റിയും എസ്.എൻ.സി. ലാവ്‌ലിനും തയ്യാറാക്കിയ കരട് മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് സർക്കാർ പരിശോധിച്ചപ്പോൾ സാമ്പത്തികസഹായം സമാഹരിച്ചുനൽകുന്നതിനെപ്പറ്റി വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല എന്നുമാത്രമല്ല ധാരണാപത്രത്തിലെ ഇതു സംബന്ധിച്ച വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് കാണുകയുണ്ടായി. അതിനാൽ ഇത് ഭേദഗതി ചെയ്യാൻ ആവശ്യപ്പെട്ടു. ഇതിലൊരു അനുകൂലമായ സമീപനം എസ്.എൻ.സി. ലാവ്‌ലിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. മലബാർ ക്യാൻസർ സെന്ററിന്റെ വികസനത്തിനായി തുടർന്നും ധനസഹായം നൽകാൻ നിർവ്വാഹമില്ലെന്ന് 13-10-2003-ലെ 10988/ബി1/2002/പിഡി. നമ്പർ കത്തിനു മറുപടിയായി 6-2-2004-ൽ കനേഡിയൻ ഹൈക്കമ്മീഷണർ അറിയിച്ചിരുന്നു. അതിനാൽ തുടർനടപടികൾ എടുക്കാൻ കഴിഞ്ഞില്ല.

പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതി

12 [2762] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിക്കു രൂപം കൊടുക്കാനിടയായത് ഏതെല്ലാം സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടായിരുന്നു;

(സി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഈ പദ്ധതിക്ക് അനുവാദം നൽകാതിരിക്കാൻ കാരണം എന്തായിരുന്നു; അതോറിറ്റി ബോർഡിനെ എന്തായിരുന്നു അറിയിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പള്ളിവാസൽ പുനരുദ്ധാരണ പദ്ധതിയും പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതിയും ഒരേ സവിശേഷതകളോടുകൂടി രൂപപ്പെടുത്തിയതാണോ; അല്ലെങ്കിൽ വ്യത്യാസം വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) പള്ളിവാസൽ പദ്ധതിയുടെ ആദ്യഘട്ടം 1940-ലാണ് പൂർത്തിയായത്. 1952-ാം ആണ്ടോടുകൂടി എല്ലാ മെഷീനറികളും കമ്മീഷൻ ചെയ്തു. ജനറേറ്റിംഗ് സ്റ്റേഷന്റെ കാലാവധി കഴിയാറായതിനാൽ 1983-ൽ 240 മെഗാവാട്ടിന്റെ പള്ളിവാസൽ റീപ്ലേസ്മെന്റ് പദ്ധതി ബോർഡ് ആവിഷ്കരിച്ചെങ്കിലും കേന്ദ്രാനുമതി ലഭ്യമായില്ല. ഇതിനുപകരമായി 1990-ൽ 60 മെഗാവാട്ടിന്റെ പള്ളിവാസൽ റീഹാബിലിറ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly